## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.388 27.02.2017 ൽ മറുപടിയ്ക്ക്

### സിവിൽ സപ്ലൈസ് വിൽപ്പന കേന്ദ്രങ്ങളുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. എം.സ്വരാജ് | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ സിവിൽ സപ്ലൈസ് വിൽപ്പന കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് അറിയിക്കാമോ; | (എ) സപ്ലൈകോ വിൽപ്പന കേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാനും കൂടുതൽപേർക്ക് ഇതിന്റെ പ്രയോജനമെത്തിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇവിടെ നിന്നും വിൽപ്പന നടത്തുന്ന സാധനങ്ങളുടെ ഗുണനിലവാരം കൃത്യമായും നിരന്തരമായും പരിശോധിക്കുന്നതിനും ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) സപ്ലൈകോയിൽ ഇ-ടെൻഡർ പ്രകാരം വാങ്ങുന്ന സാധനങ്ങൾ ഓരോ ഡിപ്പോയിലും Quality Assurance കമ്മിറ്റി പരിശോധിച്ച് സംശയങ്ങളുള്ള പക്ഷം റീജിയണൽ അനലിറ്റിക്കൽ ലാബ്/ സിഎഫ്ആർഡി എന്നിവിടങ്ങളിൽ പരിശോധിക്കാറുണ്ട്. കൂടാതെ എഫ്എംസിജിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭക്ഷ്യ വസ്തുക്കൾ അംഗീകൃത NABL Accredited Lab/ CFRD Lab എന്നിവയുടെ ഗുണമേന്മാ പരിശോധനാ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട സപ്ലയറിൽ നിന്നും വാങ്ങിയതിനു ശേഷം മാത്രമേ ഡിപ്പോയിൽ സ്വീകരിക്കാറുള്ളൂ.<br>സപ്ലൈകോ ഔട്ട് ലെറ്റുകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി ശക്തമായ ഒരു പരിശോധനാ വിഭാഗം നിലവിലുണ്ട്. സപ്ലൈകോയുടെ Quality Manual ൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ ഓരോ ഡിപ്പോകളിലേയും Quality Assurance Committee ലഭിക്കുന്ന സാധനങ്ങളുടെ ഗുണ നിലവാരം ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ വിവിധ ഭക്ഷ്യ വസ്തുക്കളുടെ ഗുണ നിലവാരം ഉറപ്പ് വരുത്താൻ യഥാസമയങ്ങളിൽ കോന്നിയിലുള്ള സിഎഫ്ആർഡി മൈക്രോബയോളജിക്കൽ ലാബിലും റീജണൽ അനലിറ്റിക്കൽ ലാബിലും പരിശോധന നടത്തുന്നുണ്ട്. പാക്കറ്റ് ഭക്ഷ്യ വസ്തുക്കൾക്ക് HACCP, ISO – 22000 അഗ് മാർക്ക് എന്നീ ഗുണമേന്മ |

| | | |
|---|---|---|
| | | നിർബന്ധമാക്കിയിട്ടുണ്ട്. സപ്ലൈകോയുടെ വിജിലൻസ് വിഭാഗം സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നുണ്ട്. കാലാകാലങ്ങളിൽ ഗുണമേന്മയിലുണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധന കൂടുതൽ ശക്തിപ്പെടുത്തി വരുന്നു. |
| (സി) | ഇവിടെ വരുന്ന പൊതുജനങ്ങളോട് ചില ജീവനക്കാരെങ്കിലും മോശമായി പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും സപ്ലൈകോ ജീവനക്കാർ ഉപഭോക്താക്കളോട് മോശമായി പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത ജീവനക്കാർക്കെതിരെ ആവശ്യമായപക്ഷം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും, തുടർന്നുള്ള അവരുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ഹെഡ്ഡാഫീസ്/മേഖലാ/ ഡിപ്പോ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഉപഭോക്താക്കളോട് മാന്യമായ രീതിയിൽ പെരുമാറുന്നതിന് ഉതകുന്നതിനുള്ള പരിശീലന ക്ലാസുകളും സപ്ലൈകോ വിൽപ്പനകേന്ദ്രങ്ങളിലെ ജീവനക്കാർക്ക് നൽകി വരുന്നുണ്ട്. |
| (ഡി) | ഇത്തരം പെരുമാറ്റങ്ങൾ ഒഴിവാക്കുന്നതിനും കൂടുതൽ സേവന മനോഭാവത്തോടെ പെരുമാറുന്നതിനും ജീവനക്കാരെ ബോധവൽക്കരിക്കുന്നതിനും അവരുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

I) കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ച. അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യ പ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥലപരിമിതി ഉള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി നടപ്പിലാക്കി വരുന്നു.

II) സ്ഥല സൗകര്യം കുറഞ്ഞ വില്പനശാലകളിലേക്ക് കൂടുതൽ പ്രാവശ്യം സാധനങ്ങളെത്തിച്ചു കൊടുക്കുന്നു.

III) മുൻ മാസങ്ങളിലെ വില്പന, കഴിഞ്ഞ വർഷം ഇതേ മാസങ്ങളിലെ വില്പന, ഉൽസവസീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വില്പന ശാലകളിലും ആവശ്യത്തിന് അവശ്യ സാധനങ്ങൾ എത്തിച്ചു കൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

IV) സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തിയും അവശ്യസാധനങ്ങൾ എത്രയും വേഗം വില്പനശാലകളിലെത്തിക്കാൻ എല്ലാ ഡിപ്പോ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

V) സബ്സിഡി സാധനങ്ങൾ സപ്ലൈകോയുടെ എല്ലാ വില്പനശാലകളിലും ആവശ്യത്തിന് ലഭ്യമാക്കുവാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ കൃത്യമായി ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുവാൻ എല്ലാ മാവേലി, സൂപ്പർ മാർക്കറ്റ് തലത്തിലും ഓരോ ഔട്ട് ലെറ്റും കേന്ദ്രീകരിച്ച് സാമൂഹ്യ പ്രവർത്തകരും, ജനപ്രതിനിധികളും സപ്ലൈകോയുടെ ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച്, പൊതുജനങ്ങൾക്ക് അവിടെ പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

VI) മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുവാനായി ആവശ്യമായ സമയങ്ങളിൽ ഒരു ഡിപ്പോയിൽ നിന്നും മറ്റു ഡിപ്പോകളിലേയ്ക്കും സാധനങ്ങൾ എത്തിച്ചുകൊടുക്കാനുള്ള നിർദ്ദേശം എല്ലാ മേഖല മാനേജർമാർക്കും നൽകിയിട്ടുണ്ട്.

VII) സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സപ്ലൈകോയുടെ കീഴിൽ സുസജ്ജമായ ഒരു ആഡിറ്റ് & ഇൻസ്പെക്ഷൻ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഡിപ്പോ തലത്തിലും, മേഖലാ കാര്യാലയ തലത്തിലും, കേന്ദ്രകാര്യാലയ തലത്തിലും പ്രവർത്തന അവലോകനം നടത്തുകയും പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

VIII) സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വില്പന ശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും SP റാങ്കിലുള്ള

ഉദ്യോഗസ്ഥന്റെ (വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ, ഇൻറേർണൽ ഓഡിറ്റ് വിഭാഗം, ജൂനിയർ മാനേജർ (മാർക്കറ്റിംഗ്& ഇൻസ്പെക്ഷൻ) എന്നിവർ മുഖേന വില്പനശാലകളിൽ പരിശോധന നടത്തി വരുന്നുണ്ട്.

സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങളാണ് വില്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നത്. സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ വില്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. ഇതിനുപുറമെ 21 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഇനങ്ങൾക്ക് നിഷ്കർഷിച്ചിട്ടുള്ള അളവിനേക്കാൾ കൂടുതൽ ആവശ്യമെങ്കിൽ ആയത് ടി ഫ്രീസെയിൽ സബ്സിഡി നിരക്കിൽ ഉപഭോക്താവിന് വാങ്ങാവുന്നതാണ്. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ ,പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20-30 ശതമാനം വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു.

സെക്ഷൻ ഓഫീസർ